കൊടുങ്ങല്ലൂർ പോർട്ട് വികസനം

1183 [1617] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ പോർട്ട് വികസിപ്പിക്കാൻ എന്തെങ്കിലും പരിപാടിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(ചോദ്യോത്തര സമയം കഴിഞ്ഞു)

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ചട്ടപ്രകാരം ചോദ്യത്തിന് ഉത്തരം പറയുമ്പോൾ ഒരു വ്യവസ്ഥ നിഷ്കർഷിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ഇലക്ട്രിസിറ്റി ബോർഡിലെ ഒഴിവുകൾ ഉപചോദ്യമാണ്. ഇലക്ട്രിസിറ്റി ബോർഡിൽ വിവിധ കാറ്റഗറിയിലുള്ള എത്ര തസ്തികകൾ ഒഴിഞ്ഞു കിടപ്പുണ്ട്, കാറ്റഗറി തിരിച്ചുള്ള വിശദമായ ലിസ്റ്റ് നൽകുമോ ? ഈ ചോദ്യം ചോദിക്കുന്നത് ഒന്നാമത്തെ ചോദ്യ കർത്താവാണ് ടേബിളിൽ വരുന്നതിനു പുറമേ ആ ലിസ്റ്റ് നേരത്തെ കൊടുക്കണം. ഇത് ഒരു നടപടി ക്രമമാണ്. നിർഭാഗ്യവശാൽ അങ്ങനെയൊരു ലിസ്റ്റ്, സൗകര്യത്തിനുവേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. ന്യായപ്രകാരം എല്ലാ മെമ്പർമാർക്കും കൊടുക്കണം. ഇവിടെ കൊടുക്കണമെന്നു ഞാൻ വാദിക്കുന്നില്ല. പക്ഷേ ആദ്യത്തെ ചോദ്യത്തിന്റെ കർത്താവിന് ആ ലിസ്റ്റ് മുൻകൂട്ടി നൽകണമെന്ന് വ്യവസ്ഥ ചെയ്യണം. അത് നിഷ്കർഷയായി നടപ്പിൽ വരുത്താൻ അങ്ങയുടെ ഭയവായ കാരുണ്യം ഉണ്ടാകണം.

മി. സ്പീക്കർ : തീർച്ചയായും കൊടുക്കേണ്ടതാണ്, അത് പരിശോധിച്ച് വേണ്ട ഏർപ്പാട് ചെയ്യാം.

II. ശ്രദ്ധ ക്ഷണിക്കൽ

(1) തമിഴ്നാട് ഗവൺമെൻറ് നെല്ലാറിലും ഭവാനിപ്പുഴയിലും നിർമ്മിക്കാനുദ്ദേശിക്കുന്ന അണക്കെട്ടുകൾമൂലം കേരളത്തിനുണ്ടാകാവുന്ന ദോഷങ്ങൾ

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, തമിഴ്നാട് പറമ്പിക്കുളം പദ്ധതി പ്രദേശത്ത് നെല്ലാറിലും സൈലൻറ്വാലി പ്രദേശത്ത് ഭവാനി പുഴയിലും അണകെട്ടാൻ ശ്രമിക്കുന്നുണ്ട് എന്ന് മേയ് 8-ന് കോയമ്പത്തൂർ കളക്ടർ ഔദ്യോഗികമായി വ്യക്തമാക്കുകയുണ്ടായി. അത് കൂടാതെ തമിഴ്നാട് മുഖ്യമന്ത്രിയും കേരളത്തിൽ വന്നപ്പോൾ പത്രസമ്മേളനം നടത്തി. കേരളാ ഗവൺമെൻറുമായി ചർച്ച ചെയ്ത് ഇതിൽ ഒരു തീരുമാനത്തിലെത്തിയതായി പത്രങ്ങളിലൊക്കെ വന്നു. നമ്മുടെ വനം വകുപ്പിന്റെയും ചില നിക്ഷിപ്ത താൽപ്പര്യക്കാരുടെയും പിടിവാശിമൂലം കുറിയാർകുറ്റി കാരപ്പാറ പദ്ധതി ഉപേക്ഷിക്കാനും, സൈലൻറ്വാലി ഉപേക്ഷിക്കാനും

9. 30 A. M.

LIBRARY ARCHIVES Kerala Legislative Assembly

തുടങ്ങിയ സാഹചര്യത്തിൽ ആണ് തമിഴ്നാട് ഗവൺമെൻറ് ഇതിന് മുതിരുന്നത്. കുറിയാർകുറ്റി പ്രദേശത്ത് നെല്ലാറിൽ അണകെട്ടാൻ തമിഴ് നാട് ശ്രമം ആരംഭിച്ചിട്ട് ഏകദേശം ഏഴ് മാസമായി. ഈ സംഗതി നമ്മുടെ പൊതുമരാമത്തു വകുപ്പിനും, ഇറിഗേഷൻ വകുപ്പിനും, ഇലക്ട്രിസിറ്റി വകുപ്പിനും അറിയാമായിരുന്നു. എന്നിട്ട് അവർ അതിനെക്കുറിച്ച് യാതൊരു അനക്കവും ഉണ്ടാക്കിയിട്ടില്ല. സൈലൻറ്വാലി പ്രദേശത്ത് അണ കെട്ടുന്ന വിവരങ്ങൾ അവർ വളരെ രഹസ്യമായി വച്ചിരിക്കുകയാണ്. കേരളത്തിൽനിന്ന് വ്യത്യസ്തമായി വികസന പ്രവർത്തനങ്ങൾക്ക് തടസം നിൽക്കുന്ന ഏർപ്പാട് അവിടത്തെ വനം വകുപ്പിനില്ല. അതുകൊണ്ട് അവർക്ക് കേന്ദ്രാനുമതി കിട്ടുമെന്നുള്ളതും ഉറപ്പാണ്. പറമ്പിക്കുളത്തിൻെറ നെല്ലാർ പദ്ധതി കെട്ടിയാൽ കുറിയാർകുറ്റി കാരപ്പാറ പദ്ധതി ഇനി ഒരിക്കലും ഉണ്ടാകുകയില്ല എന്നുള്ളതാണ് വിദഗ്ദ്ധൻമാരുടെ റിപ്പോർട്ട്. കൂടാതെ പറമ്പിക്കുളം, ആനയാർ കരാർ അവസാനിപ്പിക്കുമ്പോൾ പറമ്പിക്കുളത്തിന് ഇന്ന് കിട്ടുന്ന വെള്ളം കുറയും. തമിഴ്നാടിന് കൊടുക്കേണ്ട വെള്ളം കഴിഞ്ഞാൽ നമുക്കു പിന്നെ ഉപയോഗിക്കാൻ തീരെ വെള്ളം കിട്ടാത്ത ഒരവസ്ഥ വരും. പാലക്കാട് ജില്ല മുഴുവൻതന്നെ വരൾച്ചയുടെ പിടിയിൽ അമരാനുള്ള ഒരു സാദ്ധ്യതയുണ്ട്. ഒരു അന്തർ നദീജല സംസ്ഥാന കരാർ അനുസരിച്ചാണെങ്കിൽ ആനയാർ പദ്ധതി പ്രദേശത്ത് കേരളം നിർമ്മിക്കേണ്ട ആനമല അണക്കെട്ട് 15 വർഷമായിട്ടും നമുക്ക് ആരംഭിക്കാൻ സാധിച്ചില്ല. ആ കരാർ പ്രകാരം അവർ കെട്ടേണ്ട എല്ലാ ഡാമുകളുടെയും പണി പൂർത്തിയാക്കിക്കഴിഞ്ഞിട്ടുണ്ട്. അത് കേരളത്തിനു വരുന്ന ഏറ്റവും വലിയ ഒരു വീഴ്ചയാണ്, ഏറ്റവും വലിയ ഒരു നഷ്ടമാണ്. കുറിയാർകുറ്റിക്കു മുകളിൽ 161 കോടി രൂപ ചെലവിൽ ആണ് നെല്ലാറിൽ ഒരു ഡാം കെട്ടുന്നത് അത് പറമ്പിക്കുളത്തിനും നമുക്ക് കുറിയാർകുറ്റി ഭാവിയിൽ വരുന്നതിനും വളരെയധികം ദോഷം ചെയ്യും. കോയമ്പത്തൂർ ജില്ലയിൽ മുഴുവനും അതുപോലെ പെരിയാർ ജില്ലയ്ക്കും മൂന്നു ലക്ഷം ഏക്കർ ജലസേചനത്തിന് ഉപയോഗിക്കാൻ പറ്റുന്ന ഒരു പദ്ധതിയാണ് അവർ ഉണ്ടാക്കുന്നത്. നമ്മുടെ സ്ഥിതി എന്താണ്? നമുക്ക് 25 ദശലക്ഷം ഘന അടി വെള്ളം ഒഴുകിപ്പോകുന്നു. അതിൽ വെറും 15 ദശലക്ഷം മാത്രമാണ് നമ്മൾ ഉപയോഗിക്കുന്നത്. അതുപോലെത്തന്നെ നമ്മൾ കൃഷിക്ക് ഉപയോഗിക്കുന്ന സ്ഥലം 30 ദശലക്ഷം ഹെക്ടറാണ്. അതിൽ വെറും അഞ്ചു ദശലക്ഷം ഹെക്ടർ ഭൂമിയേ നമ്മൾ ഉപയോഗിക്കുന്നുള്ളു. ഗവൺമെൻറ് ഇത് വളരെ ഗൗരവമായി കണക്കാക്കി നമ്മുടെ പദ്ധതികളിൽ കൊണ്ടുവരാനുള്ള കാര്യമായ ശ്രമം നടത്തണം. നമുക്ക് തടസ്സം വേറെ ആരുമല്ല. നമ്മുടെ വനം വകുപ്പ് ചില ആളുകളുടെ താൽപ്പര്യത്തിനുവേണ്ടി നിന്നുകൊണ്ട് ഈ പദ്ധതികളൊക്കെ മുടക്കുന്ന സ്ഥിതിയാണ്. ഗവൺമെൻറിനാണെങ്കിൽ അതിനൊന്നിനും സമയമില്ല. ഇതൊന്നും ശ്രദ്ധിക്കുന്നുമില്ല. അങ്ങനെ നമുക്ക് ഈ പദ്ധതി നഷ്ടപ്പെടുന്ന ഒരു സ്ഥിതിയാണ്. അതിനെക്കുറിച്ച് മുഖ്യമന്ത്രി വളരെ വ്യക്തമായി പറയണം. തമിഴ്നാട് മുഖ്യമന്ത്രിയുടെ പ്രസ്താവന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നുള്ള കാര്യവും വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ഈ അടുത്തകാലത്തായി നെല്ലാർ നദിയിൽ ഒരു പ്രോജക്ട് നിർമ്മിക്കാനുള്ളതായ നീക്കത്തിൻെറ ഭാഗമായി ഇൻവെസ്റ്റിഗേഷൻ തമിഴ്നാട് ഗവൺമെൻറ് നടത്തിയതായി റിപ്പോർട്ടുണ്ട്. കുറിയാർകുറ്റി നദിയിൽനിന്ന് വെള്ളം തിരിച്ചുവിടുകയാണ് ഇതിൻെറ പ്രധാന ഉദ്ദേശം. നെല്ലാർ റിസർവോയർ കെട്ടുന്നതിനു മുമ്പ് രണ്ട് ഘട്ടങ്ങളിൽ വൈദ്യുതി ഉൽപ്പാദനം ഉദ്ദേശിച്ചുകൊണ്ടാണ് ഈ നീക്കം

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നത്. ഏകദേശം 220 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനവും ഒരുലക്ഷത്തി ഇരുപതിനായിരം ഏക്കർ സ്ഥലം ജലസേചനം നടത്തുകയും ചെയ്യാമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഈ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ 1976-ൽ തുടങ്ങിയപ്പോഴത്തന്നെ കേരളാ ഗവൺമെൻറ് ഈ പ്രശ്നം തമിഴ്നാട് ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടു വരികയും കേരളത്തിനുള്ള ശക്തമായ എതിർപ്പ് അറിയിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് ജോയിൻറ് വാട്ടർ റഗുലേഷൻ ബോർഡ് മീറ്റിംഗ് നടന്നപ്പോഴും 1982-ലും 83-ലും ഈ പ്രശ്നം ഉന്നയിച്ചിരുന്നു. വീണ്ടും ഇത് തമിഴ്നാട് ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള നടപടികളും എടുക്കാം. - കേരളാ ഗവൺമെൻറ് നേരിട്ടോ അല്ലാതേയോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലോ ഇതിൽ എന്തെങ്കിലും അനുകൂലമായ ഒരു നിലപാട് സ്വീകരിക്കും എന്നുള്ള ഒരു സൂചനപോലും ഒരു ഘട്ടത്തിലും കൊടുത്തതായി കാണാൻ സാധിക്കുന്നില്ല. ഈ കാര്യത്തിൽ കേരളാ ഗവൺമെൻറിൻെറ നിലപാട് വളരെ വ്യക്തമാണ്. ഈ ഒരു പ്രോജക്ട് തമിഴ്നാട് ഗവൺമെൻറ് നിർമ്മിക്കുകയാണെങ്കിൽ കേരളത്തെ സംബന്ധിച്ചിടത്തോളം അത് പ്രതികൂലമായി ബാധിക്കുമെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുപോലെ സൈലൻറ്വാലി ഭാഗത്ത് കാച്ച്മെൻറ് ഏരിയാ മുഴുവനും കേരളത്തിൽ ആയതുകൊണ്ട് സൈലൻറ്വാലിയിലെ ജലം കേരളത്തിലെ ഭവാനി നദിയിലേക്ക് തിരിച്ചുവിട്ടിട്ട് അതിൻെറ താഴ്വരയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാം എന്നാണ് കേരളാ ഗവൺമെൻറ് ഉദ്ദേശിക്കുന്നത്. ഏതായാലും ഇതേപ്പറ്റി തമിഴ്നാട് ഗവൺമെൻറുമായി ചർച്ച നടത്തിയതായും തമിഴ്നാട് സർക്കാർ ഈ കാര്യത്തിൽ വലിയ ഒരു എതിർപ്പ് പ്രകടിപ്പിച്ചതായും കാണുന്നില്ല. ഏതായാലും ശരി രണ്ടു സ്റേറററുകൾ തമ്മിലുള്ള തർക്കമായതുകൊണ്ട് ഏകപക്ഷീയമായി ഒരു നിലപാട് സ്വീകരിക്കുകയാണെങ്കിൽ ശക്തിയായി അതിനെ തടയുന്നതിന് കൂടിയാലോചന വഴിക്കുതന്നെ പരിഹാരം ഉണ്ടാക്കാനാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. ആവശ്യമായി വരികയാണെങ്കിൽ കേന്ദ്രഗവൺമെൻറ് ഏതെങ്കിലും നിലയിൽ ഇടപെടേണ്ടതാവശ്യമെന്ന് കണ്ടാൽ അതിനും ഗവൺമെൻറ് മടിക്കില്ല. ഈ കാര്യത്തിൽ യാതൊരു ഉത്കണ്ഠക്കും അവകാശമില്ല കേരളാ ഗവൺമെൻറ് സത്വരമായ നടപടികളും ഈ കാര്യത്തിൽ സ്വീകരിക്കും.

ശ്രീ. കെ. കൃഷ്ണൻകുട്ടി : അന്തർ നദീജല കരാർ അനുസരിച്ച് തമിഴ്നാട് വ്യക്തമായ കരാർ ലംഘനമാണ് നടത്തുന്നത്. അതോടൊപ്പംതന്നെ നമ്മളും ഈ രണ്ട് പദ്ധതികൾക്കും വേണ്ടി ശക്തമായി കേന്ദ്രത്തിൻെറ മുമ്പിൽ അവതരിപ്പിച്ചിട്ടുണ്ട്. കുരിയാർകുറ്റി കാരപ്പാറയും സൈലൻറ് വാലിയും. അതിൽ സൈലൻറ് വാലി, പരിസ്ഥിതിക്ക് ദോഷം വരാത്ത നിലയിൽ ഉള്ള പദ്ധതി നടപ്പാക്കുമെന്നാണ് ഇലക്ട്രിസിറ്റി വകുപ്പുമന്ത്രി പറഞ്ഞത്. അതുകൊണ്ട് ഈ രണ്ടു പദ്ധതികളും കിട്ടാൻവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ? അതിനുള്ള നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : സൈലൻറ്വാലിയെ സംബന്ധിച്ച് ഒരു വ്യക്തമായ നിലപാട് കേന്ദ്രഗവൺമെൻറിൽനിന്ന് സ്വീകരിച്ചു കഴിഞ്ഞു. പക്ഷേ ഈ ഏരിയായിൽ പ്രകൃതി സംരക്ഷണത്തിന് കോട്ടം വരാത്ത നിലയിൽ എന്ത് ചെയ്യാൻ സാധിക്കും എന്നുള്ളത് പരിശോധിച്ചു കൊണ്ടിരിക്കുന്നുണ്ട്. ഏതായാലും ശരി കരിയാർകുറ്റി പദ്ധതിയെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് വൈദ്യുതിയുടെ കാര്യത്തിൽ ഇപ്പോഴും സംശയമാണ്. അവിടെ ഒരു ജലസേചന പദ്ധതിയായിട്ടെങ്കിലും അതിനെ രൂപാന്തരപ്പെടുത്താൻ സാധിക്കുമോ എന്നുള്ളത് പരിശോധിക്കേണ്ടതായിട്ടുണ്ട്.

ശ്രീ. ഇ. കെ. നായനാർ : സർ, സൈലന്റ്‌വാലിയെ സംബന്ധിച്ച് കേന്ദ്രം അംഗീകരിച്ച റിപ്പോർട്ട് എം. എൽ. എ. മാർക്ക് തരുമോ, മേശപ്പുറത്ത് വയ്ക്കുമോ, അല്ലെങ്കിൽ ഗവൺമെന്റ് ഞങ്ങളെ അറിയിക്കാൻ ഉള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുമോ ?

മി. സ്പീക്കർ : അത് ഈ സ്റ്റേജിൽ വേണ്ട.

(2) കെട്ടിട നിർമ്മാണ തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. എ. സി. ജോസ് : സർ, കേരളത്തിൽ അങ്ങോളമിങ്ങോളം പരന്നു കിടക്കുന്ന ഭൂവിഭാഗത്തിലുള്ള കെട്ടിട നിർമ്മാണത്തൊഴിലാളികളുടെ അവശതകളെക്കുറിച്ചാണ് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെയും ഈ സഭയുടെയും ശ്രദ്ധ എനിക്ക് ക്ഷണിക്കാനുള്ളത്. അവർ ഇന്ന് സെക്രട്ടേറിയറ്റ്, നടയിൽ അവരുടെ അവശതാ നിവാരണത്തിനുവേണ്ടി അവകാശദിനമായി ആചരിച്ചുകൊണ്ട് ഒരു കൂട്ട ഉപവാസം നടത്തുകയാണ്. "ഉമിനീർ ഇറക്കാതെ ഈ പാവങ്ങൾ പാകുമ്പോൾ ഉടകൂക്രിയ ചെയ്യാൻ പോലും ആരും മെനക്കെടാറില്ല" എന്ന് മഹാകവി ചങ്ങമ്പുഴ പാടിയതു പോലെ അവരെ സംബന്ധിച്ചിടത്തോളം ആരും അന്വേഷിക്കാൻ ഇല്ലാത്ത നിലയിൽ എത്തിയിരിക്കുകയാണ്. സ്ഥിരമായ തൊഴിൽ ഇല്ലാത്തവരാണ് ഇവർ. സ്ഥിരമായ തൊഴിലുടമയും ഇവർക്ക് ഇല്ല. വളരെ നീണ്ട കാലഘട്ടത്തിലേക്ക് അവരെ ഉപയോഗിക്കുന്ന വലിയ കോൺട്രാക്ടർമാർ അവരെ സ്ഥിര പണിക്കാരായി അംഗീകരിക്കുന്നുമില്ല. എന്നാൽ ഭൂരിപക്ഷത്തിനും തൊഴിൽ ഇല്ലാത്ത സ്ഥിതിവിശേഷമാണ് വന്നുകൊണ്ടിരിക്കുന്നത്. സമൂഹത്തിന്റെ താഴെക്കിടയിൽ കിടക്കുന്ന അടിസ്ഥാന വർഗ്ഗമായ ഈ തൊഴിലാളികൾക്ക് സാമൂഹ്യമായി യാതൊരു അംഗീകാരവുമില്ല ആ സ്ഥിതിക്ക് ഒരു പരിഹാരം ഉണ്ടാകണം. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് ചർച്ചാവേളയിൽ ഈ വിഷയം ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അദ്ദേഹം അന്നുതന്നെ തൊഴിൽ വകുപ്പു സെക്രട്ടറിയായ ശ്രീ. മഹാബലറാവുവിനെ ഏകാംഗ കമ്മിഷനായി നിയമിക്കുകയും ചെയ്തു. ഞാൻ അതിന് അദ്ദേഹത്തോട് നന്ദി പ്രകാശിപ്പിക്കുകയാണ്.

സർ, ആ ഏകാംഗ കമ്മീഷൻ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും പോയി തെളിവെടുപ്പു നടത്തി. വളരെ വ്യാപകമായി അദ്ദേഹം തെളിവെടുപ്പു നടത്തിയെന്നാണ് ഞാൻ മനസിലാക്കുന്നത്. പക്ഷേ ഇന്നുവരെ അതിന്റെ റിപ്പോർട്ട് വന്നിട്ടില്ല. ആ റിപ്പോർട്ട് എത്രയും വേഗം പ്രസിദ്ധപ്പെടുത്തണം. കേരളത്തിൽ ഇന്നു മൂന്നു തരത്തിലുള്ള ക്ഷേമനിധികളുണ്ട്. കേരളാ ചെത്തുതൊഴിലാളി ക്ഷേമനിധി നിയമം, കേരള പ്രൈവറ്റ് മോട്ടോർ വർക്കേഴ്സ് വെൽഫയർഫണ്ട് ഓർഡിനൻസ്, കേരള കാഷ്യൂ വർക്കേഴ്സ് റിലീഫ് ആൻഡ് വെൽഫയർ ഫണ്ട് ആക്ട് 1979, ഇങ്ങനെ മൂന്ന് നിയമങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം തൊഴിൽവകുപ്പു മന്ത്രി മുൻകൈ എടുത്തുകൊണ്ട് ചുമട്ടു തൊഴിലാളി നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിരിക്കുകയാണ്. അതേ മാതൃകയിൽ ആവശ്യമായ ഭേദഗതികളോടും സംരക്ഷണത്തോടും കൂടി കേരളത്തിലെ കെട്ടിട

LIBRARY ARCHIVES Kerala Legislative Assembly